AMRITA
KAIRALI VIDYA BHAVAN
Senior Secondary School(CBSE)
Nedumangad

श्रद्धावान् लभते ज्ञानम्



ജൂൺ 2021

അമൃതം മലയാളം; മനോഹരം! ആശ്ചര്യം! ഭാഷാ പരിപോഷിണി ഓൺലൈൻ മാസിക വാല്യം-2

# അമൃതം മലയാളം
## മനോഹരം! ആശ്ചര്യം!
### ഭാഷാ പരിപോഷിണി ഓൺലൈൻ മാസിക



## സാഹിത്യ പ്രശ്നോത്തരി

**(രശ്മിത ആർ നായർ അദ്ധ്യാപിക മലയാള വിഭാഗം)**

1. ഏറ്റവും പ്രാചീനമായ മലയാള സന്ദേശ കാവ്യം ഏത്?
   ഉണ്ണുനീലി സന്ദേശം
2. കഥകളിയിൽ ഉപയോഗിക്കുന്ന സംഗീതം?
   സോപാന സംഗീതം
3. നളചരിതം ആട്ടക്കഥയെ കേരളത്തിന്റെ ശാകുന്തളം എന്ന് വിശേഷിപ്പിച്ചത് ആര്?
   ജോസഫ് മുണ്ടശ്ശേരി
4. കുട്ടികൾക്ക് വേണ്ടി കുമാരനാശാൻ രചിച്ച ലഘു കവിതാ സമാഹാരത്തിന്റെ പേരെന്ത്?
   പുഷ്പവാടി
5. വള്ളത്തോൾ നാരായണമേനോന്റെ മഹാകാവ്യം ഏത്?
   ചിത്രയോഗം
6. മലയാളത്തിന്റെ ഓർഫ്യൂസ് എന്ന് ചങ്ങമ്പുഴയെ വിശേഷിപ്പിച്ചത് ആര്?
   ഡോ. എം. ലീലാവതി
7. മഹാത്മാഗാന്ധിയുടെ ജീവിതം ആധാരമാക്കി അക്കിത്തം രചിച്ച കൃതി?
   ധർമസൂര്യൻ
8. എസ്. കെ. പൊറ്റെക്കാട്ടിന്റെ ആത്മകഥയുടെ പേരെന്ത്?
   എൻറെ വഴിയമ്പലങ്ങൾ
9. വയലാർ അവാർഡ് ഏത് വർഷം മുതലാണ് നൽകിത്തുടങ്ങിയത്?
   1977
10. വീണപൂവ് എന്ന ഖണ്ഡകാവ്യത്തിന്റെ കർത്താവാര്?
   കുമാരനാശാൻ

## ജ്ഞാനം..

ജ്ഞാനം മനുഷ്യന്റെ സഞ്ജയ സംസ്കാരത്തിൽ അധിഷ്ഠിതമാണ്. അതിലേക്കുള്ള കിളിവാതിൽ തുറന്നു തരുന്നതാകട്ടേ വായനയും.. വായന ലോകജീവിതത്തിലെ നനുനനുത്തതും പരുപരുത്തതുമായ വിസ്മയ ദൃശ്യങ്ങൾ നമുക്ക് പകർന്നു നൽകുന്നു. ജീവിത സമസ്യകളിൽ സധൈര്യം മുന്നോട്ടു പോകാനുള്ള ചെരാതുകളായി അവ മാറുന്നു. മാതൃഭാഷയിലുള്ള വിശാലവും ആഴത്തിലുമുള്ള വായന നമ്മുടെ ഭാവനകൾക്ക് ചിറകുകൾ നൽകുന്നു. അത് ഓരോരുത്ത രുടേയും സർഗ ാത്മകതയെ പരിപോഷിപ്പിക്കുവാൻ പര്യാ പ്തമാകുകയും ചെയ്യുന്നു.മലയാളത്തെ സ്നേഹിക്കാം, ജീവിതം അമൃത തരമാക്കാം...

വായനയുടെ മധുരം നുകർന്ന് ജീവിതത്തിൽ ഉയരങ്ങൾ കീഴടക്കിയ വരാണ് നമ്മുടെ സാഹിത്യ , സാംസ്കാരിക നായകന്മാർ. അവരുടെ മഹത്തായ പാത പിന്തുടരാൻ നാം ഓരോരുത്തരും ശ്രമിക്കേണ്ടത് അനിവാര്യമാണ്. ജീവിതത്തിൽ സംഭവിക്കുന്ന സങ്കീർണമായ പ്രശ്നങ്ങളെ അതിജീവിച്ചവരെക്കുറിച്ചുള്ള കഥകൾ മറ്റുള്ളവർക്കും പ്രചോദനം നൽകും എന്ന കാര്യത്തിൽ സംശയമില്ല. അത് കൊണ്ട് നമുക്ക് നല്ല പുസ്തകങ്ങളുടെ കൂട്ടുകാരാകാം. വായന എന്ന വരപ്രസാദം പകർന്ന് നൽകി പറന്നുയരാം.....



## ഭാഷയും വ്യാകരണവും

ബിന്ദു നന്ദന (അദ്ധ്യാപിക മലയാള വിഭാഗം)

### പ്രകൃതിയും പ്രത്യയവും

പ്രകൃതിയിൽ പ്രത്യയങ്ങൾ ചേർന്നാണ് പദം ഉണ്ടാകുന്നത്. പദത്തിന് പലരും വ്യത്യസ്ത തരത്തിൽ നിർവചനം നടത്തിയിട്ടുണ്ട്. 'സുപ് – തിങന്തം പദം' എന്ന് പാണിനി നിർവ്വചിച്ചിരിക്കുന്നു. സുബന്തവും തിങന്തവും പദമാണ്. സവിഭക്തികളായ നാമരൂപങ്ങളും കാല പ്രത്യയം ചേർന്ന ക്രിയാ രൂപങ്ങളുമാണ് പദങ്ങൾ എന്നാണ് പാണിനി മഹർഷി അർത്ഥമാക്കുന്നത്.

' പ്രയോഗ സജ്ജമായ ശബ്ദരൂപമാണ് പദം 'എന്ന് കേരളപാണിനി പറയുന്നു. വാക്യ രചനക്ക് സഹായിക്കുന്ന ഓരോ ഘടകത്തെയും പദം എന്ന് വിളിക്കാം. പദത്തെ വീണ്ടും വിശകലനം ചെയ്തു നോക്കുമ്പോൾ പ്രകൃതിയിൽ പ്രത്യയങ്ങൾ ചേർന്നാണ് പദം ഉണ്ടായിരിക്കുന്നതെന്ന് കാണാൻ കഴിയും. രൂപ രചനയ്ക്ക് ആധാരമായ അടിസ്ഥാന വസ്തുവിനെ യാണ് പ്രകൃതി എന്നു പറയുന്നത്. 'തലയിൽ' എന്ന പദം പരിശോധിച്ചാൽ ഇൽ' എന്ന 'പ്രത്യയം 'തല'യോട് ചേർന്നാണ് പദമുണ്ടായത് എന്ന് കാണാം. തല പ്രകൃതിയും പ്രകൃതിയും ഇൽ പ്രത്യയവും ആണ്.

'കാണുന്നു' എന്ന പദത്തിൽ 'ഉന്നു' എന്ന പ്രത്യയം ഒഴിച്ചുള്ള ഭാഗം 'കാണ്' എന്നതാണ്. ഇത് ഒറ്റയ്ക്ക് നിൽക്കാറില്ല. എങ്കിലും അത് ഒരു അർത്ഥത്തെ ഉൾക്കൊള്ളുന്നു. അതുകൊണ്ട് അതിനെ പ്രകൃതി എന്ന് വിളിക്കാം. 'അർത്ഥവത്തും ഉപാധി രഹിതവുമായ വർണ്ണ സംഘാതമാണ് ശബ്ദം'. ഉപാധി കൈവരിക്കുമ്പോൾ അത് പദം ആയിത്തീരുന്നു.

പണ്ഡിതന്മാർ പലരും പ്രകൃതി എന്ന അർത്ഥത്തിൽ 'ശബ്ദം' എന്ന പദമാണ് പ്രയോഗിക്കുന്നത്. ശബ്ദത്തെയും പ്രകൃതിയേയും സമാനാർത്ഥ പദങ്ങളായി മിക്ക പണ്ഡിതന്മാരും കണക്കാക്കുന്നു. അർത്ഥ സംപ്രേഷണത്തിനുള്ള അടിസ്ഥാന വസ്തു എന്ന അർത്ഥത്തിൽ ശബ്ദം പ്രയോഗിക്കാം. പ്രത്യയങ്ങൾ സ്വീകരിക്കാൻ ഒരുങ്ങി നിൽക്കുന്ന ശബ്ദമാണ് പ്രകൃതി .

ധാതു പ്രകൃതി, നാമ പ്രകൃതി എന്നിങ്ങനെ പ്രകൃതികളെ തരംതിരിക്കാറുണ്ട്. കൃതി പ്രകൃതി തന്നെയാണ് ധാതു. 'ഭൂവാദയോ ധാതവഃ' എന്ന് പാണിനി പറയുന്നു. ഭൂ– തുടങ്ങിയവയും വാ–പോലുള്ളവയുമാണ് ധാതുക്കൾ. ഭൂ–ഭവിക്കുക, വാ–വീശുക. ര ും കൃതി പ്രകൃതികളാണ്. പ്രാതിപദികം ആണ് മറ്റൊന്ന്. 'കാലം എന്ന ഉപാധി കൈക്കൊണ്ട് രൂപാവലി നേടുന്ന പ്രകൃതിയാണ് ധാതു. വിഭക്തി എന്ന ഉപാധി സ്വീകരിച്ചു കൊണ്ട് രൂപാ വലി നേടുന്ന പ്രകൃതി

### പ്രാതിപദികം.

നാമം, സർവ്വനാമം, നാമ വിശേഷണം, സർവ്വ നാമിക വിശേഷണം, സാംഖ്യ വിശേഷണം, ക്രിയ, ക്രിയാ വിശേഷണം, വ്യാക്ഷേപകം എന്നിങ്ങനെ പദങ്ങളെ തരം തിരിച്ചിട്ടുള്ളവരുമുണ്ട്.

### പ്രത്യയം

പ്രകൃതിയെ പദമാക്കി മാറ്റാൻ പ്രത്യയം ഉപയോഗിക്കുന്നു .പ്രകൃതികൾ പൂർവ്വ ഘടകങ്ങളും പ്രത്യയങ്ങൾ ഉത്തര ഘടകങ്ങളുമായാണ് സാധാരണ കാണുന്നത്.

'അകാലം', 'വിഭാതം'– തുടങ്ങിയ ചില സന്ദർഭങ്ങളിൽ പ്രകൃതിക്ക് മുമ്പ് പ്രത്യയം പ്രത്യക്ഷപ്പെടും. അത്തരം പ്രത്യയങ്ങളെ പുരഃപ്രത്യയങ്ങളെന്നും പ്രകൃതിക്ക് ശേഷം വരുന്ന പ്രത്യയങ്ങളെ പര പ്രത്യയങ്ങളെന്നും പറയുന്നു. ഏതു രീതിയിലായാലും പ്രകൃതിയിൽ പ്രത്യയങ്ങൾ ചേർന്നു പദമുണ്ടാകുന്നു. പ്രത്യയങ്ങൾ പലതരത്തിൽ കാണുന്നുണ്ട്.

### വ്യുത്പാദന പ്രത്യയം

പ്രകൃതിയിൽ നിന്നോ നിഷ്പന്ന രൂപങ്ങളിൽ നിന്നോ നൂതന പ്രകൃതികളേയോ പദങ്ങളേയോ രചിക്കാൻ ഉതകുന്ന പ്രത്യയങ്ങളാണ് വ്യുത്പാദന പ്രത്യയങ്ങൾ. കൃത്ത്, തദ്ധിതം തുടങ്ങി അനേകം അവാന്തര വിഭാഗങ്ങൾ ഇതിനുണ്ട്.

### നിഷ്പാദന പ്രത്യയം

ഒരേ പ്രകൃതിയുടെ ഭിന്ന രൂപാവലി രചിക്കാൻ ഉതകുന്ന പ്രത്യയമാണ് നിഷ്പാദന പ്രത്യയം.
പ്രാതി പദികങ്ങൾക്ക് വിഭക്ത്യർത്ഥം കുറിക്കാനും ധാതുക്കൾക്ക് കാല പ്രകാരാർത്ഥങ്ങൾ കുറിക്കാനും ഉപയോഗിക്കുന്ന പ്രത്യയങ്ങൾ ഈ വിഭാഗത്തിൽ വരും.

### വാക്യരചനാ പ്രത്യയം

വാക്യ രചനയെ സഹായിക്കുകയോ വാക്യാർത്ഥത്തെ മൊത്തത്തിൽ പരിഷ്കരിക്കുകയോ ചെയ്യുന്നതിനുവേണ്ടി വാക്യ രചനാ പ്രത്യയങ്ങൾ പ്രയോഗിക്കുന്നു.

കവിത

## വീശിയടിക്കും വീരൻ

അമൃത.എസ്. ആർ 11 എ

ആർദ്രമായ് തഴുകുന്ന മാന്ത്രിക ശക്തി നീ
മേനിയുണർത്തുന്ന ഉന്മേഷഭൂരിതാ!
ഒരു മന്ദഹാസത്തിന്നുപമപോലെ ന്നിൽ നീ
കളിരേകി മറയുന്നു
എങ്ങോ അനന്തമായ് ...

തുറമുഖ വാതിലിലൂടെ വരുന്ന നാം
പിരിയാതെ കേൾക്കുന്നു സാഗര ഗീതവും
ഒരു തോഴിയു വിടെ നമ്മെ പൊതിയുന്ന കാറ്റേ നീ നിറയുന്നു
കടലോളം കാറ്റേ

കുഞ്ഞ് കേണുണരുമ്പോൾ അമ്മയെടുക്കും പോൽ
മാനവർക്കാശ്വാസമേകുന്നു നീയെന്നും
പവനനായ് തഴുകിയും തോഴനായെത്തിയും
നൽകിടും തീവ്രമാം നിൻ മുഖഭാവങ്ങൾ

തെല്ലും അനങ്ങാതെ കേട്ടു നിന്നു
കാറ്റിൻറെ സുന്ദര ഗീതകങ്ങൾ
അതിലൂടെ യുതിരുന്ന ശബ്ദമെൻ കാതിലും
മനസിലുമൊരു പോലെ നടനമാടി...

സ്ഥിരം പംക്തി

## മലയാളത്തിന് മറ്റ് ഭാഷകളുമായുള്ള ബന്ധം

**പ്രഭ എസ്. (അദ്ധ്യാപിക മലയാള വിഭാഗം)**

ക്രിസ്തു വർഷത്തിന്റെ ആദ്യ ശതകങ്ങളിൽ ദേശീയ കവിത തമിഴിലും വിദ്വത് കവിത സംസ്കൃതത്തിലുമായി കേരളീയ സാഹിത്യ സരണി രായി ഒഴുകിയിരുന്നു. ഇളം കോവടികൾ തുടങ്ങിയ മഹാന്മാർ തമിഴിലും വരരുചി, കുലശേഖരൻ തുടങ്ങിയവർ സംസ്കൃതത്തിലും കാവ്യരചന നടത്തി കേരളീയ സാഹിത്യത്തെ പരിപോഷിപ്പിച്ചു

ക്രമേണ മലനാട്ട് തമിഴിന്റെ പ്രത്യേകതകൾ പ്രകടമായിത്തുടങ്ങി. അതൊരു സ്വതന്ത്രഭാഷയായതോടുകൂടി അതിലും സാഹിത്യ രചനകൾ ആരംഭിച്ചു. സാമാന്യ ജനതയുടെ ഉപാസനാ ദേവതകളെ ക്കുറിച്ചുള്ള സ്തോത്രങ്ങളായും മറ്റും ദേശീയപ്രസ്ഥാനങ്ങൾ രൂപമെടുത്തു. സാമാന്യന്മാരുടെ ഉപയോഗത്തിന് പുരാണ കഥാ കഥനം മലയാളത്തിലായാലേ സാധ്യമാകൂ എന്നുള്ളതുകൊണ്ട് കഥാകഥന സമ്പ്രദായവും തുടർന്നു. സംസ്കൃതവുമായുള്ള ഗാഢ സമ്പർക്കം കൊണ്ട് സംസ്കൃതത്തിലെ ധാരാളം വാക്കുകളും ആശയങ്ങളും മലയാളികളക്കട നിത്യ വ്യവഹാരത്തിൽ കടന്നുകൂടുകയുണ്ടായി. ഇത്രയും വളർച്ച വന്നതോടുകൂടി സംസ്കൃതവും മലയാളവും സ്വത ന്ത്രമായി കൂട്ടിയിണക്കി കവിത എഴുതിയാൽ മലയാളികൾക്ക് മനസ്സിലാകുമെന്നും അവ ഇഷ്ടപ്പെടുമെന്നുമുള്ള അവസ്ഥ ഉണ്ടായി. തമിഴും സംസ്കൃതവും മനസിലാക്കാൻ വേണ്ട പഠിപ്പില്ലാത്ത സാമാന്യജനങ്ങൾക്ക് സാഹിത്യാഭിരുചി ഉണ്ടായപ്പോൾ നാട്ടിൽ പ്രചരിച്ചു വന്ന സംസ്കൃതം കലർന്ന മലയാളത്തിൽ കവിത രചിക്കുന്നത് ആവശ്യമെന്നും വന്നു

ഇവിടെ മലയാളത്തിൻറെ അന്നത്തെ വ്യവഹാരരൂപം എന്തായിരുന്നു എന്ന് പറയേണ്ടിയിരിക്കുന്നു. പാട്ടിൽ കാണുന്ന ദ്രാവിഡാക്ഷര മാത്ര ഘടിതമായ വാക്കുകൾ മാത്രമേ വ്യവഹരത്തിൽ ഉണ്ടായിരുന്നുള്ളോ, സംസ്കൃതവാക്കുകൾ സംസ്കൃത രൂപത്തിൽ തന്നെ വന്നുകഴി ഞ്ഞോ എന്നതും വ്യക്തമാക്കാം. കൊല്ലവർഷം ആരംഭിക്കുന്ന ശതാബ്ദത്തിൽ എന്ന് കരുതണം. ഈ കാലമായപ്പോഴേക്കും സംസ്കൃതപദങ്ങൾ അതേ രൂപത്തിൽ ഗ്രന്ഥാക്ഷരം ഉപയോഗിച്ച് മലയാളത്തിൽ എഴുതി തുടങ്ങിയെന്നും പാണ്ഡ്യ ഭാഷാ രൂപങ്ങൾക്ക് പകരം മലയാളം രൂപ ങ്ങൾ തന്നെ പ്രയോഗത്തിൽ വന്നു എന്നും ഉറപ്പായി പറയാൻ കാരണമുണ്ട്. ശ്രീ വീര രാഘവ ചക്രവർത്തി, ഭാസ്ക്കര രവിവർമ്മ , സ്ഥാണു രവി തുടങ്ങിയ രാജാക്കന്മാർ നൽകിയിട്ടുള്ള ശാസനങ്ങൾ നാം ധരിക്കുന്ന കാലത്തിന് അടുത്ത് മുൻപോ പിൻപോ ഉണ്ടായത് ആയിരിക്കും. ആ ശാസനങ്ങളിൽ സംസ്ക രൂപങ്ങൾ കാണന്നുണ്ട്.

കൊല്ലവർഷം നൂറ്റി നാൽപത്തൊൻപതിലെ മാമ്പള്ളി പട്ടയത്തിലും സ്വസ്തി ശ്രീ, രക്ഷാ എന്നീ വാക്കുകൾ എഴുതിയിരിക്കുന്നത് ഗ്രന്ഥാക്ഷ രത്തിലാണ്. ഈ പ്രമാണങ്ങൾ എഴുതിയിരിക്കുന്ന വട്ടെഴുത്തിൽ ആയതുകൊണ്ട് മറ്റു സാംസ്കാരിക ഭാഷകൾ ചോള ഭാഷാ പദം കൈ കൊിരിക്കുകയാണെന്ന് ധരിക്കണം. മറ്റു രേഖകളിലെ പാരമ്പര്യത്തിൽ വന്നുചേർന്നിട്ടുള്ള തമിഴ് രൂപങ്ങൾ ഉപയോഗിക്കുന്നതിൽ അത്ഭുതപ്പെടാനില്ല .എന്നാൽ അപൂർവ്വമായി ലഭിക്കുന്ന മലയാള രേഖകളിൽ മലയാളത്തിൽ അന്ന് സിദ്ധിച്ചിരുന്ന സ്വാതന്ത്ര്യവും വികാ സവും സ്ഫുടമായി തെളിയുന്നു. ഉദാഹരണമായി നാനൂറ്റി ഇരുപ ത്തിയാറാം വർഷത്തിലെ ആറ്റൂർ ശാസനം മതിയാകും. ഈ താമ്രശാസനം എഴുതിയിരിക്കുന്നത് ഇന്ന് നിലവിലുള്ള മലയാള ലിപിയിലാണെന്നും ഇതിലെ ഭാഷാരീതി ഇന്നത്തെ ഭാഷാ രീതിയോട് വളരെ സാമ്യം വഹിക്കുന്നുണ്ടെന്നും കാണാവുന്നതാണ്.

സ്ഥിരം പംക്തി

## ഭാഷോത്പത്തി

**ബിന്ദു നായർ. എസ് (അദ്ധ്യാപിക മലയാള വിഭാഗം)**

മലയാളഭാഷയുടെ ഉല്പത്തിയെപ്പറ്റിയുള്ള സിദ്ധാന്ത ങ്ങളിൽ ശ്രദ്ധേയമായ ഒന്നാണ് പൂർവ്വ തമിഴ്–മലയാള വാദം. ദ്രാവിഡ ഭാഷയിൽനിന്ന് കന്നഡവും തെലുങ്കും വേർപിരിഞ്ഞ ശേഷം പൂർവ തമിഴ്–മലയാളം എന്ന ഒരു പൊതു ഭാഷാ കാലഘട്ടം ഉണ്ടായിരുന്നുവെന്നാണ് ഈ സിദ്ധാന്തം പറയുന്നത്. പൂർവ്വ തമിഴ് മലയാളത്തെ ഇരു ഭാഷകളുടെയും പൂർവ്വഘട്ടം ആയി വിശേഷിപ്പിക്കു ന്നവരിൽ പ്രമുഖർ എൽ .വി . രാമസ്വാമി അയ്യർ, എസ്.വി. ഷ മുഖം തുടങ്ങിയവരാണ്. തമിഴിനും മലയാളത്തിനും ഒരു പൊതു പൂർവ്വഘട്ടം ഉണ്ടായിരുന്നതായി മിക്ക ഭാഷാപണ്ഡിതനും സമ്മതിക്കുന്നു. ഹെർമൻ ഗുണ്ടർട്ടിൻ്റെ അഭിപ്രായത്തിൽ വിഭിന്ന ഭാഷകളെന്നതിനെക്കാൾ ദ്രാവിഡ ഗോത്രത്തിലെ ഒരേ അംഗത്തിൻ്റെ ഉപഭാഷകൾ എന്ന നിലയിലാണ് ഈ രണ്ട് ഭാഷകളെ പഴയകാലത്ത് വേർതിരിക്കപ്പെട്ടിരുന്നത്.

തമിഴ്–മലയാളങ്ങൾ ഒരു ഭാഷയുടെ തന്നെ രൂപങ്ങൾ ആണെന്നും തമിഴും മലയാളവും ഒന്നു തന്നെ എന്നും ഏ .ആർ. രാജരാജവർമ്മ കേരളപാണിനീയത്തിലും പ്രതിപാദിക്കുന്നു. മൂല ദ്രാവിഡ ഭാഷയിൽ നിന്ന് തെലുങ്ക്, കന്നഡ എന്നിവ പിരിഞ്ഞതിനു ശേഷം തമിഴും മലയാളവും ഒന്നിച്ചായിരുന്ന ഒരു പൂർവ്വ ഭാഷ ഉണ്ടായിരുന്നു എന്നും ആ പൂർവ്വ ഭാഷ പിൽക്കാലത്ത് പല സ്വാധീനങ്ങൾക്കും വിധേയമായി രണ്ടു സ്വാതന്ത്ര ഭാഷകളായി ഉരുത്തിരിഞ്ഞു എന്നു ഇളംകുളം കുഞ്ഞൻപിള്ളയും രേഖപ്പെടുത്തുന്നു.

പലവക കൊടുന്തമിഴുകൾ ഉണ്ടായിരുന്ന തിൽ ഒന്നാണ് നമ്മുടെ മലയാളം ആയി തീർന്നത് എന്നാണ് ഏ. ആറിൻ്റെ സിദ്ധാന്തം ഭാഷാ പരിണാമത്തെ കുറിച്ച് പഠിക്കുന്ന ഈ സിദ്ധാന്തം 'കൊടുന്തമിഴ് വാദം 'എന്ന പ്രത്യേക സംജ്ഞയിൽ അറിയപ്പെടുന്നു. പന്ത്രണ്ട് ദേശങ്ങളിൽ നടപ്പുണ്ടായിരുന്ന കൊടും തമിഴിൽനിന്ന് കേരള ഖണ്ഡത്തിൽ ഉൾപ്പെട്ട കുട്ടം, കുടം, കർക്ക, വെ , പൂഴി എന്നീ നാടുകളിലെ ഭാഷാഭേദം മലയാളമായി പരിണമിക്കാൻ ഉണ്ടായ കാരണം ഇവയാണ് , നമ്പൂതിരിമാരുടെ പ്രാബല്യവും ആര്യ ദ്രാവിഡ സംസ്കാ രവും.

മലയാള ഭാഷ തമിഴിൽ നിന്ന് വ്യത്യാസപ്പെടുന്ന ആറ് പ്രധാന വസ്തുതകളെഅദ്ദേഹം ആറ് നയങ്ങളായി അവതരിപ്പിച്ചു

1)അനുനാസികാതി പ്രസരം

2)താലവ്യാദേശം 3)സ്വരസംവരണം

4)പുരുഷഭേദനിരാസം 5)ഖിലോപസംഗ്രഹം

6)അംഗഭംഗം എന്നിവയാണവ

ഈ ഭാഷാപരിണാമത്തെ അദ്ദേഹം മൂന്ന് ഘട്ടങ്ങളായി വിഭജിക്കകൂടി ചെയ്തു.

കരിന്തിമഴ് കാലം, മലയാണ്മക്കാലം, മലയാളക്കാലം എന്നിവയാണവ.

## മലയാളഭാഷയുടെ മഹത്വം

**കാര്യവട്ടംശ്രീകണ്ഠൻനായർ**



സാംസ്കാരികമഹത്വവും വിജ്ഞാനവും നിലനിറുത്തുന്നത് ഭാഷയാണ്. നമ്മുടെ സംസ്കാരം ഒരു തലമുറയിൽ നിന്നും അടുത്ത തലമുറകളിലേക്ക് പ്രേഷണം ചെയ്യപ്പെടുന്നത് ഭാഷയിലൂടെയാണ് . പ്രത്യേകിച്ച് വിദ്യാഭ്യാസം, സാഹിത്യം, വിവിധ മാധ്യമങ്ങൾ,വിശ്വാസങ്ങൾആചാരങ്ങൾ, ആഘോഷങ്ങൾ, അനുഷ്ഠാനങ്ങൾ, മൂല്യങ്ങൾ, നാട്ടുവഴികൾ, നാടൻപാട്ടുകൾ, മര്യാദകൾ, അച്ചടക്കം, കലകൾ, സിനിമ ഇത്യാദികൾ എല്ലാം ഇതിനു പങ്കു വഹിക്കുന്നവയാണ്. മലയാളഭാഷനമ്മുടെ സംസ്കാരത്തിൻെറ സ്രോതസ്സാണ്. നമ്മുടെ മാതൃഭാഷയാണ് സാംസ്കാരിക ജീവിതത്തിൻെറ മുദ്ര. അവരവരുടെ മാതൃഭാഷ, മാതൃശ്രേഷ്ഠസമം. അമ്മമലയാളം നൽകിയ നൽപ്പാലാണ് നമ്മുടെ സംസ്കാരികവ്യക്തിത്വങ്ങളേയും കവികളേയും മറ്റു സാഹിത്യകാരന്മാരേയും പോഷിപ്പിച്ച് വളർത്തിയെടുത്തിട്ടുള്ളത്.

തുഞ്ചത്ത് രാമാനുജനെഴുത്തച്ഛനാണ് നമ്മുടെ മാതൃഭാഷയായ മലയാളത്തിനേറെ തെളിമ നൽകിയത്. അതിനു മുമ്പേ മലയാളഭാഷയുണ്ടല്ലോ. കണ്ണശൻമാർക്ക് മുമ്പുതന്നെ. ആ ഭാഷ മനുഷ്യന് അറിയാനും ആശയവിനിമയും ചെയ്യാനും ലിഖിതമാക്കാനും ബദ്ധപ്പെട്ടിരുന്നു. തമിൾ കലർന്നദ്രാവിഢമലയാളം എന്നു പറയാം. അവിടെയാണ് എഴുത്തച്ഛൻെറ രാമായണം വിജയിച്ചത്. അക്ഷരം അറിയാത്തവന്പോലും  മറ്റുള്ളവരുടെ പാരായണ സുഖത്തിലൂടെ ഭാഷാ സൗന്ദര്യ മാസ്മരികതയും സുതാര്യതയും സന്ദേശാശയ ഗ്രാഹ്യവും എളുപ്പത്തിൽ സാധ്യമാകുന്നു എന്നതാണ് മലയാളത്തിൻെറ, രാമായണത്തിൻെറ മഹത്വമായി ഇന്നും നമ്മൾ ഉദ്ഘോഷിക്കുന്നതും. മണിപ്രവാളവുംരാമചരിതവും മറക്കുന്നില്ല. ഭാഷ എളുപ്പത്തിൽ മനസ്സിലാകുന്ന തരത്തിത്തിൽ പ്രയോഗി കുന്നതായിരിക്കണം. ലളിതമായിരിക്കണം എന്നർത്ഥം; ഒപ്പം വാങ്മയ സൗന്ദര്യവും. സാഹിത്യകാവ്യാദികളിൽ ബുദ്ധിപൂർവം സുന്ദര ആലങ്കാരികബിംബാധിഷ്ഠിത ഭാഷ ഉപയോഗിക്കുന്നുണ്ടാകും. അത് സംസാരഭാഷ അത് സംസാരഭാഷയല്ലല്ലോ. രാമായണത്തിലും ഇതിൻെറ  ലാളിത്യസമീപനം നമുക്കു വ്യക്തമായും കാണാം. അതാണ് ആ  കൃതിയുടെ തെളിമയും ഉൽകൃഷ്ടതയും.

ഭാഷ മഹത്തരമായിത്തീരുന്നത് മാറ്റങ്ങളിലൂടെയാണ്. ഏതുഭാഷയും ഉപയോഗിച്ച് പുതിയ പ്രയോഗരീതികളിലൂടെ പുതുമയുള്ള ഭാഷ രൂപപ്പെടുന്നു. ആ പുതുമ മലയാളത്തിനുമുണ്ടായിട്ടുണ്ട്, ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതാണ് പരമസത്യം. ഭാഷയുടെ വളർച്ചയിൽ അദ്ധ്യാപകർക്കും സാഹിത്യകാരൻമാർക്കും ഗണ്യമായ പങ്കുണ്ട്. ഏതു രാജ്യത്തു പോയാലും നിങ്ങളുടെ മാതൃഭാഷ ഉപേക്ഷിക്കാൻ ശ്രമിച്ചാൽ അതു നടക്കില്ല. അത് നമ്മുടെ ജീവനെപ്പോലെ, നമ്മുടെ സത്തയായി ഉള്ളിൽ നില നിൽക്കും. അതിനെ ഒരിക്കലും തൂത്തെറിയാനോ മറക്കാനോ കഴിയില്ല; മറ്റുഭാഷകൾ എത്രപഠിച്ചാലും. അതു സഹോദരഭാഷകളേ ആകൂ ; മാതൃഭാഷയാകില്ല. അമ്മകൊഞ്ചിച്ച, അച്ഛനുനും ഗുരുവും പഠിപ്പിച്ച, കൂട്ടുകാരോടും അയൽക്കാരോടും മറ്റുള്ളവരോടും സംവദിച്ച മാതൃഭാഷയാണ് മഹത്വമേറിയത്. അമ്മ, ഭാഷ, ദേശം എന്നും എവിടേയും ആർക്കും മഹത്തരം തന്നെ.

## രാജാവ്

ഭാഗ്യശ്രീ. എം. ആർ   4 എ

ഒരു ദിവസം ഞണ്ട് ഒരു കുട്ടിമീൻ കരയുന്ന ശബ്ദം കേട്ടു.അതൊരു മാനത്തുകണ്ണി ആയിരുന്നു. അപ്പോൾ ഞണ്ട് അവിടെ എത്തി. എന്നിട്ട് ചോദിച്ചു,'നീ എന്തിനാണ് കരയുന്നത്?'
മാനത്തുകണ്ണി പറഞ്ഞു. 'എന്റെ കൂട്ടുകാരനായ പരലിനെ ഒരു മീൻപിടുത്തക്കാരൻ കൊണ്ടു പോയി '
കുറച്ചു നേരം ആലോചിച്ച ശേഷം ഞണ്ട് പറഞ്ഞു.
'ഞാൻ ഞണ്ട് രാജാവാണ് , പരൽ മീനിനെ ഞാൻ രക്ഷിക്കും' ഇത് കേട്ട് മറ്റുള്ള മീനുകൾക്ക് സന്തോഷമായി.

ഞണ്ട് കരയിൽ കയറി ചുറ്റും നോക്കി.പരൽ മീൻ ഒരു ചില്ല് കപ്പിയിൽ കിടക്കുന്നു. കുപ്പി മീൻ പിടുത്തക്കാരൻറെ കൈയ്യിലാണ്

ഞണ്ട് അയാളുടെ കാലിൽ ഇറുക്കി. അപ്പോൾ വേദന കൊണ്ട് കുപ്പി താഴേക്കിട്ട് അയാൾ ഓടിപ്പോയി.
കുപ്പി പൊട്ടി പരൽ കരയിൽ വീണ് പിടഞ്ഞു.
ഞണ്ട് അവനെയും കൊണ്ട് വെള്ളത്തിലേക്ക് ചാടി. ഇത് കണ്ട് മാനത്തുകണ്ണിക്ക് സന്തോഷമായി.

'ഞണ്ട് രാജാവ് വിജയിക്കട്ടേ '
മീനുകൾ തുള്ളിച്ചാടി...



കവിത

**എന്റെ ചെടി**

**ഇഷ യാസ്മിൻ . എ.എച്ച്     3 എ**

ഞാനൊരു ചെടി നട്ടു
അതിലൊരു പൂ വന്നു
പൂവിൽ നിറയെ തേൻ വന്നു
തേൻ നുകരാൻ വണ്ട് വന്നു
വണ്ടിന് നിറയെ തേൻ കിട്ടി...

ലേഖനം

## കോവിഡ് അതിജീവനം കൃഷിയിലൂടെ

ആരതി.നായർ. ബി. എ 11 എ

കോവിഡ് 19 അഥവാ കൊറോണ എന്ന വൈറസ് ഇന്ന് ആഗോളതലത്തിൽ എല്ലാ രാജ്യങ്ങളെയും മാരകമായി ബാധിച്ചു കഴിഞ്ഞു. സാർസ് വകഭേദത്തിൽപ്പെട്ട ഈ വൈറസ് ചൈനയിലെ വുഹാനിൽ ആദ്യമായി രേഖപ്പെടുത്തുകയും പിന്നീട് മറ്റിടങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു. ചുമ, ജലദോഷം, പനി, ശ്വാസതടസ്സം നഖങ്ങളിൽ നിറംമാറ്റം തുടങ്ങിയവയാണ് ലക്ഷണങ്ങളായി കണക്കാക്കിയിരിക്കുന്നത്. കോവിസ് വൈറസ് ശരീരത്തിലെ കോശങ്ങളെ ആക്രമിച്ച് അതിന്റെ പ്രവർത്തനത്തിനെ ബാധിച്ച് കോശവിഭജനത്തിലൂടെ ഇരട്ടിച്ച ചർച്ച ശരീരമാകെ വ്യാപിക്കും ശ്വാസകോശത്തെ ബാധിച്ചു കൊണ്ട് മരണത്തിനുവരെ ഇടയാക്കാം.
ഇന്ത്യയിൽ ആദ്യമായി കോവിഡ് സ്ഥിരീകരിച്ചത് കേരളത്തിലായിരുന്നു. ആദ്യമൊക്കെ ഈ വൈറസിനെ നന്നായി പ്രതിരോധിച്ചു എങ്കിലും പിന്നീട് നമുക്കതിനു സാധിക്കാതെ വന്നു. വുഹാനിൽ വൈറസ് വ്യാപിക്കാൻ തുടങ്ങിയപ്പോൾ തന്നെ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ജനുവരിയിൽ ഇതിനെ അതീവ ഗുരുതര അസുഖം ആണെന്ന് അറിയിച്ചു. മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് മാത്രമല്ല മൃഗങ്ങളിലേക്കും കോവിഡ് 19 പകരും. കോവിഡ് 19 എന്ന മഹാവ്യാധിയെ നേരിടാൻ കർശന നിയന്ത്രണങ്ങൾ രാജ്യത്തിന്റെ പലയിടത്തായി കൊണ്ടുവന്നപ്പോൾ മറ്റുള്ള എല്ലാ എല്ലാ മേഖലകളെയും പോലെ കാർഷികമേഖലയേയും ഗുരുതരമായി ബാധിച്ചു. ഹരിതവിപ്ലവം പോലെയുള്ള പല പദ്ധതികളിലൂടെയും നാം കൃഷിയിൽ സ്വയം പര്യാപ്തമായി എങ്കിലും ഇപ്പോഴും നാം പല ഉൽപ്പന്നങ്ങൾക്കും മറ്റുള്ള രാജ്യങ്ങളെ ആശ്രയിക്കുന്ന സാഹചര്യത്തിൽ എല്ലാ ജനങ്ങൾക്കും ഭക്ഷണക്ഷാമം ഉണ്ടാകാനുള്ള സാധ്യത അധികമാണ്.

പ്രത്യേകിച്ചും ഇന്ത്യയിൽ കോവിഡ് രോഗികളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ മറ്റുള്ള രാജ്യങ്ങളിലേക്ക് ഇവിടെ നിന്ന് ഉള്ള സാധനങ്ങൾക്കും ആളുകൾക്കും വിലക്കാണ്. നമ്മുടെ നാടിന്റെയും സമ്പദ്‌വ്യവസ്ഥയുടെയും നട്ടെല്ലായ കൃഷിയേയും കർഷകരേയും ഇത് തീർച്ചയായും ബാധിക്കും. ഭക്ഷ്യസുരക്ഷയില്ലായ്മ, ഭക്ഷണക്ഷാമം തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന ഈ സാഹചര്യത്തിൽ നമുക്ക് വേണ്ട പച്ചക്കറി കൾ നാം തന്നെ ഉദ്പാദിപ്പിക്കുന്നതാണ് ഏറ്റവും നന്ന്. കൃഷി ഇന്നത്തെ തലമുറിയിൽ നിന്ന് അന്യം നിന്നുപോയ സാഹചര്യത്തിൽ അവരെ കൃഷിയെക്കുറിച്ച് പഠിപ്പിക്കാൻ ഇതു സഹായിക്കും. അത് പോലെ തന്നെ പച്ചക്കറി കളും മറ്റും വാങ്ങാനുള്ള യാത്ര വീട്ടിൽ കൃഷി ചെയ്യുന്നതിലൂടെ ഒഴിവാക്കാൻ സാധിക്കും. ഇന്ന് കടകളിൽ നിന്ന് ലഭിക്കുന്ന പച്ചക്കറികൾ, പലതരം കീടനാശിനികളും മരുന്നുകളും തളിച്ചവയാണ് ഇവ ഭക്ഷിക്കുന്നതിലൂടെ പല തരം മാരകമായ അസുഖങ്ങൾ പോലും നമ്മെ ബാധിക്കാം

വീട്ടിൽ വളർത്തുന്നവ നൂറു ശതമാനം ജൈവ പച്ചക്കറികൾ ആയതിനാൽ ക്യാൻസർ പോലുള്ള രോഗങ്ങളെ പോലും നമുക്ക് പ്രതിരോധിക്കാൻ സാധിക്കും. ആധുനിക കൃഷിരീതികളെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ ലളിതമായ ഇൻറർനെറ്റ് പോലുള്ള പല മാധ്യമങ്ങളും നമുക്കുണ്ട്. നൂതനമായ കൃഷിരീതികളിലൂടെ അതിനാൽ നമുക്ക് വിജയം കൈവരിക്കാൻ സാധിക്കും. കോവിഡ് കാരണം വിദ്യാലയങ്ങളിലേക്കോ ഒന്നും പോകാൻ സാധിക്കാതെ വീട്ടിൽ തന്നെ ഇരിക്കേണ്ടി വരുന്ന സാഹചര്യത്തിൽ സമയം ചിലവിടാൻ ഒരു വിനോദമായി നമുക്ക് കൃഷിയെ കാണാം.

കൃഷി പച്ചക്കറിയുടേത് മാത്രമല്ല അത് മീനുകളുടേതോ, പൂക്കൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയവയുടേതോ ആവാം. ഇവ ഒരു വിനോദമാകുന്നതിനപ്പുറം ഒരു സാമ്പത്തിക മാർഗവും ആകാം. കൃഷിയെ വിനോദത്തിനപ്പുറം വിജ്ഞാനം നൽകുന്ന മേഖലയായി കണക്കാക്കാം.
മാനസിക ഉല്ലാസത്തോടൊപ്പം ശാരീരിക സുഖവും കൃഷി നമുക്ക് നൽകുന്നു. വീടുകളിൽ ചടഞ്ഞിരിക്കാതെ കൃഷി ചെയ്യുന്നതിലൂടെ നമുക്ക് നല്ല വ്യായാമം അണ് ലഭിക്കുന്നത്. കോവിഡ് പോലുള്ള രോഗങ്ങളെ പ്രതിരോധിക്കാൻ പ്രതിരോധശക്തി അത്യന്താപേക്ഷിതമാണ്. വ്യായാമത്തിലൂടെയും ശരിയായ ഭക്ഷണക്രമത്തിലൂടെയും പ്രതിരോധശക്തി നമുക്ക് കൈവരിക്കാം.

കൃഷി ചെയ്യാൻ ധാരാളം സ്ഥലം ആവശ്യമാണ് എന്നത് തെറ്റായ ചിന്തയാണ്. നമുക്കുള്ള കുറച്ചു സ്ഥലത്തിൽ തന്നെയോ അല്ലെങ്കിൽ വീടുകളുടെ ടെറസിലോ ആയി നമുക്ക് കൃഷി ചെയ്യാം. പയർ തുടങ്ങിയവ പന്തലുകളായും മറ്റുള്ളവ ചെറിയ ചട്ടികളിലോ വളർത്താവുന്നതാണ്. രാസവളങ്ങൾക്കു പകരം ഇവയ്ക്കു നമുക്ക് സാധാരണ പ്രകൃതിദത്ത വളങ്ങൾ നൽകാവുന്നതാണ്. ഇവയ്ക്കു ദിവസവും വെള്ളം ഒഴിക്കുന്നതും, പരിപാലിക്കുന്നതും മാനസിക ശാരീരിക സുഖം നമുക്ക് പ്രദാനം ചെയ്യും. പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്ന നെല്ലിക്ക, ഇഞ്ചി തുടങ്ങിയവ കൃഷി ചെയ്യുന്നതും നല്ലതാണ്. പല തരം ചെടികൾ വളർത്തുന്നതും അവയിൽ നിന്നുള്ള വായു ശ്വസിക്കുന്നതും ആരോഗ്യത്തിനു ഗുണകരം ആണ്. ഔഷധ സസ്യങ്ങൾ നട്ടുവളർത്തുന്നതിലൂടെ ചെറിയ ചെറിയ അസുഖങ്ങൾക്ക് അവയെ ഉപയോഗിക്കാൻ സാധിക്കും.

ശാരീരിക അകലം പാലിച്ച് ,ഹസ്തദാനവും യാത്രയും ഒഴിവാക്കുന്നതാണ് കോവി ഡിനെ പ്രതിരോധിക്കാൻ നമുക്ക് ചെയ്യാൻ കഴിയുന്നതാണ്. കോവിഡ് അതിജീവനം ഇന്നത്തെ കാലത്ത് അത്യന്താപേക്ഷിതമാണ്. യാത്രാ വിലക്കും ലോക് ഡൗൺ തുടങ്ങിയവ നില നിൽക്കുന്ന സാഹചര്യത്തിൽ കഴിവതും വീട്ടിൽ കഴിയുന്നതാണ് നല്ലത്. വിനോദത്തിനും വിജ്ഞാനത്തിനും ആരോഗ്യ പരിരക്ഷക്കും ഒക്കെയായി കൃഷിയെ ഈ സാഹചര്യത്തിൽ വിനിയോഗിച്ച് കോവിഡ് എന്ന മഹാമാരിയെ ജാഗ്രതയോടെ നമുക്ക് തോൽപ്പിക്കാം.

സ്ഥിരം പംക്തി



## ചെറുശ്ശേരി നമ്പൂതിരി

**ചിത്ര.എസ്**
**(എച്ച്.ഒ.ഡി. മലയാള വിഭാഗം)**

ക്രിസ്തുവർഷം പതിനഞ്ചാം നൂറ്റാിൽ കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമ്മന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു ഭാഷാ കവിയാണ് ചെറുശ്ശേരി നമ്പൂതിരി. 1446 മുതൽ 1465 വരെയായിരുന്നു ഉദയവർമ്മന്റെ ഭരണകാലം.

'ആജ്ഞയാ കോലഭൂപസ്യ
പ്രാജ്ഞ സ്യോദയ വർമ്മണ:
കൃതായാം കൃഷ്ണഗാഥായാം
കൃഷ്ണോപത്തിസ്സുമീരിതാ'– എന്ന കവിവാക്യം ഇക്കാര്യം സ്ഥിരീകരിക്കുന്നു. കൃഷ്ണഗാഥ അഥവാ കൃഷ്ണപ്പാട്ട് മലയാളത്തനിമയുടെ താഴികക്കുടമാണ്. മലയാളത്തിന്റെ ശക്തി സൗന്ദര്യങ്ങളുടെ സർഗ്ഗഗാഥയായ കൃഷ്ണഗാഥ ഭാഷയിലെ മറ്റുകാവ്യങ്ങളിൽ നിന്ന് വേറിട്ടുനിൽക്കുന്നു. പാരമ്പര്യ കാവ്യങ്ങളുടെ രൂപഭംഗിയും കാല്പനിക കാവ്യങ്ങളുടെ ഭാവഭംഗിയും ഒത്തു ചേരുന്ന കൃതിയാണ് കൃഷ്ണഗാഥ. ഭാഷയുടെ ശാലീനസൗകുമാര്യം കൃഷ്ണഗാഥയെ കൂടുതൽ മനോജ്ഞമാക്കുന്നു.

ഉദാത്ത ദർശനങ്ങളും ഉത്തമ ഭക്തിയും ഒത്തുചേർന്ന പുണ്യ പുരാണമാണ് ഭാഗവതം. ഇതിന്റെ നിറനിലാവ് സാധാരണ മനുഷ്യമനസ്സുകളിൽ വിരിയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ചത്.

പാട്ടുപ്രസ്ഥാനത്തിന്റെയും മണിപ്രവാളത്തിന്റെയും നാടൻ ഗാനസാഹിത്യത്തിന്റെയും കാവ്യധാരകളുടെ സങ്കലനമാണ് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ. ശക്തവും വ്യക്തവുമായ സുലളിതകോമളപദങ്ങളുടെ ഉറവിടമായിരുന്നു കവി മനസ്. പച്ചമലയാളത്തിന്റെ ശുദ്ധി വഴിയുന്ന മധുരോദാരമായ നീരൊഴുക്ക്, അനർഗളമായ ഭാഷാ പ്രവാഹം, നിത്യ നൂതനങ്ങളായ നാടോടി മൊഴികൾ, മഞ്ജരിയുടെ മധുരം നിറഞ്ഞ മധുപാത്രം. ഇതൊക്കെയാണ് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ. ദേശസംസ്ക്കാരങ്ങളുടെ സ്വാധീനമുള്ള പാട്ടു സാഹിത്യത്തെ നാടൻ പാട്ടുകൾ സചേതനമാക്കിയപ്പോൾ നാടൻ പാട്ടിന്റെ ശാലീന നൈസർഗികതയും മണിപ്രവാള ത്തിലെ അർത്ഥാലങ്കാര ചാരുതയും പാട്ടിന്റെ ഗാനാത്മകതയും കൃഷ്ണഗാഥയിൽ ഒന്നിക്കുന്നതായി കാണാം. ഒരു കവിയെ മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ സഞ്ചരിക്കണം. എന്നാൽ ചെറുശ്ശേരി യുടെ ജീവചരിത്രവുമായി ബന്ധപ്പെട്ട വസ്തുതകൾ നമുക്ക് വേണ്ടത്ര ലഭ്യമല്ല. ആംശികസത്യങ്ങളടങ്ങിയ അഭിപ്രായപ്രകടനങ്ങളാണ് നിലവിലുള്ളത്. എങ്കിലും അദ്ദേഹത്തെ കുറിച്ച് കൂടുതൽ അറിയാൻ നമുക്കും കൃഷ്ണഗാഥയിലൂടെ സഞ്ചരിക്കാം

## വായിക്കാം... വളരാം...

**ജെ എസ് അനന്ത കൃഷ്ണൻ (ദേശീയ –അന്തർ ദേശീയ പുരസ്കാര ജേതാവായ പൂർവവിദ്യാർത്ഥി )**

പുസ്തകങ്ങളുടെ ലോകം അനുനിമിഷം വലുതായി കൊണ്ടിരിക്കുകയാണ്. ഒരു ദിവസം ഏതാണ്ട് 2200 പുസ്തകങ്ങൾ പുറത്തിറങ്ങുന്നു. കൊറോണ പടരുന്ന ഈ കാലത്തു കൂടുതൽ ഉർജസ്വലരാകാൻ വിജ്ഞാന ത്തിന്റെ പുതുവഴി തേടാൻ പുസ്തക വായന പോലെ നല്ല വഴിയില്ല.

പുസ്തകങ്ങളോടുള്ള ഇഷ്ടം എപ്പോൾ വേണമെങ്കിലും നമുക്ക് തുടങ്ങാം. നമ്മുടെ സ്കൂളിൽ ആദ്യമായി ഒരു ലൈബ്രറി വന്നത് ഞാനും ഇന്നുമോർക്കുന്നു. ഇന്നത്തെ നിങ്ങളുടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മുറിയായിരുന്നു ആദ്യത്തെ ലൈബ്രറി. അന്ന് ഞാൻ നാലാം ക്ലാസ്സിൽ പഠിക്കുകയാണ്. അന്ന് ലൈബ്രറിയിലുണ്ടായിരുന്ന ട്രഷർ അയലന്റ് എന്ന പുസ്തകമാണ് എന്നെ പുസ്തകങ്ങളുടെ ലോകത്തിലേക്ക് എത്തിച്ചത്. അതെ മുറി തന്നെയാണ് നല്ല സിനിമകളുടെ ലോകത്തിലേക്ക് എന്നെ കൊണ്ടുപോയതും. അന്ന് ആദ്യമായി ഒരു സാഹിത്യ ക്ലബ് തുടങ്ങിയപ്പോൾ മജീദ് മജീദിയുടെ ചിൽ ഡ്രൻ ഓഫ് ഹെവൻ എന്ന സിനിമ കണ്ടതും അതേ മുറിയിൽ വച്ച്. ഈ കാലത്ത് വായിക്കാൻ പറ്റുന്ന ചില പുസ്തകങ്ങൾ ഞാൻ കൂട്ടുകാർക്ക് പരിചയപ്പെടുത്തണം.

(i)നന്തനാരുടെ ഉണ്ണിക്കുട്ടന്റെ ലോകം

വലിയ ലോകത്തിലെ ചെറിയ ഉണ്ണിക്കുട്ടന്റെ ലോകം എന്തു രസമാണെന്നോ! സ്വപ്നങ്ങളുടെ കൂട്ടുകൂടി നമുക്ക് ഉണ്ണിക്കുട്ടനോടൊപ്പം യാത്ര ചെയ്യാം

(ii) അഡ്വഞ്ചേഴ്സ് ഓഫ് ടോം സോയർ

നിങ്ങളെയൊക്കെ പോലെ തന്നെ ഒരു കുറുമ്പനാണ് ടോം. നല്ലൊരു കൂട്ടുകാരനുമുണ്ട് ടോമിന്–ഹക്കിൾബറി. രണ്ടാളെയും നിങ്ങൾക്ക് ഇഷ്ടമാകും തീർച്ച.

(iii) ഗളിവേഴ്സ് ട്രാവൽസ്– ജൊനാഥൻ സ്വിഫ്റ്റ്
. ഗളിവറിന് നിങ്ങളെപ്പോലെ തന്നെ യാത്ര ചെയ്യാൻ ഇഷ്ടമാണ്. കപ്പൽ യാത്രയോടാണ് ഏറെ പ്രിയം. ഈ യാത്രയ്ക്കിടയിൽ നമ്മുടെ ഗളിവർ അവന്റെ വിരലോളം പോന്ന മനുഷ്യർ മാത്രമുള്ള ഒരു ദ്വീപിൽ എത്തിയാലോ! അവന്റെ നൂറിരട്ടി വലിപ്പം ഉള്ള ആൾക്കാരെ ക ാലോ! ഒന്നു വായിച്ചു നോക്കൂ.

(iv) ആലീസ് ഇൻ വണ്ടർലാൻഡ് –ലൂയിസ് കാരൾ

ഒരു ചെറിയ മുയൽ പൊത്തിലൂടെ ആലിസ് എന്ന പെ കുട്ടി മറ്റൊരു ലോകത്തേക്ക് എത്തുകയാണ്. അവിടെ നിങ്ങൾക്ക് ഒരുപാട് കാഴ്ചകളുണ്ട് കേട്ടോ!



